**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1584** — **12-06-2019-ൽ മറുപടിക്ക്**

**അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.രാജൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കൃഷി വകുപ്പ് മുഖേന നടപ്പാക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകളുടെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | കാർഷിക മേഖലയിലേക്ക് യുവാക്കളെ ആകർഷിക്കുന്നതിനും, തൊഴിൽ രഹിത യുവതി യുവാക്കൾക്ക് കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനും, കൃഷി ആദായകരമാക്കുന്നതിനുമായി കൃഷി വകുപ്പ് 2012-13 മുതൽ അഗ്രോ സർവ്വീസ് സെന്റർ ആന്റ് സർവ്വീസ് ഡെലിവറി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. തെരഞ്ഞെടുത്ത ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ച് തെരഞ്ഞെടുത്ത അംഗങ്ങൾക്ക് കാർഷിക യന്ത്രോപകരണങ്ങളുടെ ഉപയോഗം, വിവിധ കാർഷിക പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ച പരിശീലനം നൽകി, സെന്റർ നിശ്ചയിക്കുന്ന നിരക്കിൽ വിവിധ കാർഷിക പ്രവൃത്തികൾ കർഷകർക്കു നൽകി വരുന്നു.<br>കർഷക തൊഴിലാളി ക്ഷാമത്തിനു പരിഹാരം കണ്ടെത്തുക, കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങൾ, സേവനങ്ങൾ എന്നിവ നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ച് പ്രവർത്തിച്ചു വരുന്നത്. കാർഷിക മേഖലയിലെ തൊഴിലാളികളുടെ കുറവ് പരിഹരിക്കുക, കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക, തൊഴിലാളിക്കുറവ് മൂലം തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉത്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നത്. കൃഷിയിടങ്ങളിലെ മണ്ണ് പരിശോധനയ്ക്ക് ആവശ്യമായ സഹായങ്ങളും സെന്റർ മുഖേന നടത്തുന്നുണ്ട്.<br>അഗ്രോ സർവ്വീസ് സെന്ററുകൾ വഴി വിവിധ കൃഷിപ്പണികളിൽ യന്ത്രങ്ങളുടെയും ടെക്നീഷ്യന്റെയും സേവനം കർഷകർക്ക് ലഭിക്കും. കാർഷിക യന്ത്രങ്ങൾ സേവനകേന്ദ്രത്തിൽ ലഭ്യമാണ്. |

അവ ഉപയോഗിച്ച് കർഷകർക്ക് സേവനം നൽകുന്നതിനും തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനും സാധിക്കുന്നു. ഓരോ അഗ്രോ സർവ്വീസ് സെന്ററുകളിലും വിദഗ്ധ പരിശീലനം ലഭിച്ച ടെക്നീഷ്യൻമാർ ഇതിനായി പ്രവർത്തിക്കുന്നു.

അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനങ്ങൾക്ക് പുറമെ കാർഷിക വികസനത്തിന് ആവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവവളം തുടങ്ങിയ ഉത്പാദനോപാധികളുടെ ഉത്പാദനം, വിതരണം , കൃഷിപ്പണികൾക്കാവശ്യമായ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുക തുടങ്ങിയ സേവനങ്ങളും അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന കർഷകർക്ക് നൽകി വരുന്നു. ട്രാക്ടർ, തെങ്ങുകയറ്റ യന്ത്രം, വീഡ് കട്ടർ, പവർ സ്പ്രേയർ, ഡ്രൈയർ, പമ്പ് സെറ്റ്, പവർ ടില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങൾ ഈ സേവന കേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇവ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുകയും കർഷകരുടെ യന്ത്രസാമഗ്രികൾ റിപ്പയർ ചെയ്തുകൊടുക്കുകയും ചെയ്യുന്നു.

(ബി) തൃശ്ശൂർ ജില്ലയിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കുമോ?

(ബി) തൃശ്ശൂർ ജില്ലയിൽ താഴെ പറയും പ്രകാരം അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

| ക്രമ നം. | വർഷം | ബ്ലോക്ക് | പഞ്ചായത്ത് | നിയോജക മണ്ഡലം |
|---|---|---|---|---|
| 1 | 2012-13 | ഇരിങ്ങാലക്കുട | പുറത്തിശ്ശേരി | ഇരിങ്ങാലക്കുട |
| 2 | 2012-13 | വടക്കാഞ്ചേരി | തെക്കുംകര | വടക്കാഞ്ചേരി |
| 3 | 2012-13 | പഴയന്നൂർ | പാഞ്ഞാൾ | ചേലക്കര |
| 4 | 2014-15 | മാള | മാള | കൊടുങ്ങല്ലൂർ |
| 5 | 2015-16 | ചാലക്കുടി | കോടശ്ശേരി | ചാലക്കുടി |
| 6 | 2015-16 | ചൊവ്വന്നൂർ | കണ്ടാണിശ്ശേരി | മണലൂർ |
| 7 | 2015-16 | കൊടകര | മറ്റത്തൂർ | പുതുക്കാട് |
| 8 | 2015-16 | മതിലകം | മതിലകം | കയ്പമംഗലം |
| 9 | 2016-17 | ഒല്ലൂക്കര | ഒല്ലൂക്കര | ഒല്ലൂർ |
| 10 | 2016-17 | അന്തിക്കാട് | അന്തിക്കാട് | നാട്ടിക |
| 11 | 2018-19 | വെള്ളാങ്ങല്ലൂർ | വെള്ളാങ്ങല്ലൂർ | കൊടുങ്ങല്ലൂർ |

സെക്ഷൻ ഓഫീസർ